"ഭരണഭാഷ മാതൃഭാഷ"

നം. എം1/11312/2024/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം തീയതി .01/06/2024
ഇ-മെയിൽ:**supdtm.dge@kerala.gov.in**

# സർക്കുലർ

വിഷയം: പൊതുവിദ്യാഭ്യാസം-മാലിന്യമുക്തം നവകേരളം-പ്രവേശനോത്സവം, പരിസ്ഥിതി ദിനം എന്നീ ദിവസങ്ങളിൽ വിദ്യാലയങ്ങളിൽ നടപ്പിലാക്കാൻ സാധിക്കുന്ന പ്രവൃത്തികൾ-സംബന്ധിച്ച്

സൂചന: പൊതുവിദ്യാഭ്യാസ (ഡി) വകുപ്പ് നം. ഡി3/116/2024/പൊ.വി.വ

****

മാലിന്യ പരിപാലനം സമ്പൂർണ്ണമാക്കുന്നതിനും, വലിച്ചെറിയൽ ശീലം ഇല്ലാതാക്കുന്നതിനും പൊതുസമൂഹത്തിന്റെ മനോഭാവവും ശീലവും മാറേണ്ടതുണ്ട്. കുട്ടികളുടെ നേതൃത്വത്തിലുള്ള പ്രവർത്തനങ്ങൾ സമൂഹത്തെ ഫലപ്രദമായി സ്വാധീനിക്കാൻ കഴിയും. ആയതിനാൽ വരുന്ന വർഷവും സ്കൂളുകളിൽ പഠന പ്രവർത്തനങ്ങളുടെ ഭാഗമായി ശുചിത്വ മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. ജൂൺ 3 പ്രവേശനോത്സവം, ജൂൺ 5 പരിസ്ഥിതി ദിനം എന്നീ ദിവസങ്ങളിലും ജൂൺ, ജൂലൈ മാസത്തിലും നടത്തേണ്ട പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

## 1. മാലിന്യ സംസ്കരണ സംവിധാനം ഉറപ്പാക്കൽ

- പുതിയ അധ്യയന വർഷം ആരംഭിക്കുന്നതിനു മുന്നോടിയായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ശാസ്ത്രീയമായ മാലിന്യ സംസ്കരണ സംവിധാനങ്ങൾ പി.ടി.എ യുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും പങ്കാളിത്തത്തോടെ ജൂൺ 3 ന് മുമ്പ് ഉറപ്പാക്കണം
- വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മലിനജല സംസ്കരണം, അജൈവ മാലിന്യം തരംതിരിച്ച് സംഭരിക്കാനുള്ള സംവിധാനം, ജൈവമാലിന്യ സംസ്കരണ സംവിധാനം എന്നിവ മികച്ച നിലവാരത്തിൽ നിർമ്മിക്കുന്നതിനാവശ്യമായ പ്രോജക്ട് തയ്യാറാക്കേണ്ടതും, പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനം, ശുചിത്വ മിഷൻ, പി.ടി.എ എന്നിവരുടെ പങ്കാളിത്തത്തോടെ പ്രോജക്ടുകൾ നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.
- **ജൈവമാലിന്യ സംസ്കരണം:** ജൈവ മാലിന്യം ഉറവിടത്തിൽ സംസ്കരിക്കുന്നതിനായി കമ്പോസ്റ്റിംഗ് സംവിധാനങ്ങളായ പൈപ്പ് കമ്പോസ്റ്റിംഗ്, റിംഗ് കമ്പോസ്റ്റിംഗ്, ബയോ ബിൻ, മേൽക്കൂരയുള്ള കുഴി കമ്പോസ്റ്റിംഗ്, തുമ്പൂർമൂഴി, ബയോ ഗ്യാസ് പ്ലാന്റ് തുടങ്ങിയ ഏതെങ്കിലും സംവിധാനങ്ങൾ സ്കൂളിലുണ്ടെന്ന് ഉറപ്പുവരുത്തുക.
- **അജൈവ മാലിന്യങ്ങൾ:** പ്ലാസ്റ്റിക്, പേപ്പർ, കുപ്പി തുടങ്ങിയ അജൈവ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിക്കുന്നതിനായി ക്ലാസ് റൂമുകളിലും, പരിസരത്തും കളർ കോഡുള്ള ബിന്നുകൾ, മിനി എം.സി.എഫ് സ്ഥാപിക്കുക, അതായത് മാസം ഹരിതകർമ്മസേനയ്ക്ക് കൈമാറുന്നതിനുള്ള സംവിധാനം ഒരുക്കുക.

- **ദ്രവ മാലിന്യ സംസ്കരണം:** മലിന ജലം പൊതുസ്ഥലത്ത് ഒഴുക്കി വിടാതെ സംസ്കരിക്കുന്നതിന് സോക്ക് പിറ്റുകൾ, ടോയിലറ്റ് ലിങ്ക് ബയോ ഗ്യാസ് പ്ലാന്റ് തുടങ്ങിയവ ഏതെങ്കിലും സ്ഥാപിക്കേണ്ടതാണ്. ഇതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനവുമായി ചേർന്ന് പദ്ധതി രൂപീകരിക്കേണ്ട താണ്.
- **ശുചിമുറികൾ:** സ്കൂളുകളിൽ കുട്ടികൾക്ക് ആവശ്യമുള്ള വൃത്തിയുള്ള ശുചിമുറി സൌകര്യം ഉറപ്പാക്കുക.
- **ഈ**–വേസ്റ്റ് ഉപയോഗശൂന്യമായ ഫർണിച്ചറുകൾ തുടങ്ങിയവ ഓഫീസ് നടപടിക്രമം പാലിച്ച് സമയബന്ധിതമായി നീക്കം ചെയ്യുക, പുനരുപയോഗ സാധ്യതയുള്ള ഫർണിച്ചറുകൾ, ഉപകരണങ്ങൾ തുടങ്ങിയവ റിപ്പയർ ചെയ്ത് ഉപയോഗിക്കാവുന്നതാണ് (സമീപത്തുള്ള ഐ.ടി.ഐ, പോളിടെക്നിക് തുടങ്ങിയ സ്ഥാപനങ്ങളിലെ വിദ്യാർത്ഥി കളുടെ സേവനം ഇതിനായി പ്രയോജനപ്പെടുത്താവുന്നതാണ്)
- **കുടിവെള്ളം:** സ്കൂളുകളിലെ കുടിവെള്ളം ശേഖരിക്കുന്ന ടാങ്കുകൾ വൃത്തിയാക്കുക, കിണറിലെ കുടിവെള്ളം ആരോഗ്യ വകുപ്പിന്റെ സഹായത്തോടെ ക്ലോറിനേറ്റ് ചെയ്യേണ്ടതാണ്.

## 2. ജൂൺ 3 പ്രവേശനോത്സവം ഹരിതചട്ടം പാലിച്ച് നടത്തുക

- മലിനീകരണ നിയന്ത്രണ ബോർഡ് നിരോധിച്ച വസ്തുക്കൾ, ഒറ്റത്തവണ ഉപയോഗിക്കുന്ന പേപ്പർ, പ്ലേറ്റ്, പേപ്പർ ഗ്ലാസ്, പ്ലാസ്റ്റിക് ക്യാരി ബാഗ്, തെർമ്മോക്കോൾ, അലങ്കാര വസ്തുക്കൾ തുടങ്ങിയവ യാതൊരു കാരണവശാലും ഉപയോഗിക്കരുത്. പകരം സ്കൂളിൽ ആവശ്യത്തിനു സരിച്ചുള്ള സ്റ്റീൽ കുപ്പികൾ, സ്റ്റീൽ പാത്രങ്ങൾ, സ്റ്റീൽ ഗ്ലാസ്സുകൾ, തുണി സഞ്ചികൾ, പരിസ്ഥിതിക്ക് ദോഷം വരാത്ത ബാനറുകൾ, ബോർഡുകൾ എന്നിവ പൂർണ്ണമായും ഒഴിവാക്കേണ്ടാണ്. പകരം പോളി എത്തിലീൻ, കോട്ടൺ തുണി തുടങ്ങിയവ ഉപയോഗിക്കുക.
- "ശുചിത്വ-സാക്ഷരത" ഒരു പ്രധാന തീം ആയി കൊണ്ടു വരിക. പ്രവേശനോത്സവ ദിനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പങ്കാളിത്തത്തോടെ കുട്ടികൾക്ക് ശുചിത്വ ശീലങ്ങൾ, ശാസ്ത്രീയമായ മാലിന്യ സംസ്കരണത്തിന്റെ പ്രധാന്യം എന്നിവ മനസ്സിലാക്കാനുള്ള ആകർഷണീയമായ വിവര വിജ്ഞാന പരിപാടികൾ സംഘടിപ്പിക്കുക.
- മാലിന്യ പരിപാലന മാർഗ്ഗരേഖ ക്ലാസ്സുകളിൽ ആദ്യ നിർദ്ദേശമായി ലഭിയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കുക. സ്കൂൾ പ്രവേശന ദിവസം മാലിന്യപരിപാലനത്തിൽ കുട്ടികൾ ശ്രദ്ധിക്കേണ്ടതും പാലിക്കേണ്ടതുമായ കാര്യങ്ങളെ സംബന്ധിച്ച് ക്ലാസ്സിൽ ടീച്ചർമാരുടെ നേതൃത്വത്തിൽ ആവശ്യമായ നിർദ്ദേശം നൽകുക. ഇതിലെ പ്രധാന വിവരങ്ങൾ ക്ലാസ് മുറിയുടെ ചുമരുകളിലും സ്കൂളിന്റെ പല ഭാഗങ്ങളിലും ആകർഷകമായ രീതിയിൽ എഴുതിയും, സ്ഥിരം ചുമർ ചിത്രങ്ങളും പ്രദർശിപ്പിക്കുക. എല്ലാ ക്ലാസ് മുറികളും മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് കുട്ടികൾ പാലിക്കേണ്ട കാര്യങ്ങൾ ആകർഷകമായ സ്ഥിരം ചുമർ ചിത്രമായി പ്രദർശിപ്പിക്കുക. ഇതിന് തദ്ദേശ സ്വയംഭരണ സ്ഥാപനം, ശുചിത്വ മിഷൻ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തുക.

## 3. ജൂൺ 5 പരിസ്ഥിതിദിനം

- സ്കൂൾ അസംബ്ലിയിൽ മാലിന്യ സംസ്കരണത്തെക്കുറിച്ച് സംസാരിക്കാൻ ഹരികർമ്മസേനയെ ക്ഷണിക്കുകയും അവർക്ക് സ്കൂൾ വക ആദരവ്

നൽകുന്ന പരിപാടികൾ നടത്തുകയും ചെയ്യുക. മാലിന്യ മുക്തം നവകേരളം തീം സോങ്ങിനൊപ്പം ഹരിതകർമ്മസേനയും കുട്ടികളും ചേർന്ന് ഫ്ലാഷ് മോബ് സംഘടിപ്പിക്കുക. ശുചിത്വം, മാലിന്യ സംസ്കരണം തുടങ്ങിയ വിഷയങ്ങളിൽ കുട്ടികൾക്ക് രചനാ പ്രസംഗമത്സരങ്ങൾ സംഘടിപ്പിക്കാവുന്നതാണ്.

- സ്കൂൾ അസംബ്ലിയിൽ ശുചിത്വ പ്രതിജ്ഞ ***"മാലിന്യം സ്കൂളിലും പൊതുയിടങ്ങളിലും വലിച്ചെറിയില്ല, മാലിന്യം പൊതുയിടങ്ങളിൽ വലിച്ചെറിയുന്നത് ശ്രദ്ധയിൽപ്പെട്ടാൽ അധികൃതർക്ക് റിപ്പോർട്ട് ചെയ്യും, വീട്ടിലെ മാലിന്യം തരംതിരിച്ച് അജൈവ പാഴ് വസ്തുക്കൾ ഹരിതകർമ്മസേനയ്ക്ക് യൂസർ ഫീ നൽകി കൈമാറും, ജൈവ മാലിന്യം ഉറവിടത്തിൽ സംസ്കരിക്കും, മാലിന്യത്തിന്റെ അളവ് കുറയ്ക്കാൻ ഒറ്റത്തവണ ഉപയോഗിക്കുന്ന വസ്തുക്കൾ ഉപയോഗിക്കില്ല"***

**4. ജൂൺ, ജൂലൈ മാസത്തിൽ നടത്തേണ്ട പ്രവർത്തനങ്ങൾ**

- ജൂൺ, ജൂലൈ മാസങ്ങളിലായി വിവിധ ശുചിത്വ സാക്ഷരത പ്രവത്തനങ്ങൾ ക്ലാസ് റൂം തലത്തിലും സ്കൂൾ തലത്തിലും കുട്ടികൾക്കായി നടത്തുക. വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികളും വീടുകളിലെ അജൈവ മാലിന്യം ഹരിതകർമ്മസേനയ്ക്ക് കൈമാറുന്നു എന്ന് ഉറപ്പുവരുത്തണം. ഇതിനായി വിദ്യാർത്ഥികളോട് "അവരുടെ വീട്ടിലെ ജൈവമാലിന്യം ഉറവിടത്തിൽ സംസ്കരിക്കുന്നു, അജൈവ മാലിന്യം ഹരിതകർമ്മസേനയ്ക്ക് കൈമാറുന്നു, മാലിന്യത്തിന്റെ അളവ് കുറയ്ക്കാൻ ഒറ്റത്തവണ ഉപയോഗിക്കുന്ന വസ്തുക്കൾ ഉപയോഗിക്കില്ല" എന്നുള്ള രക്ഷിതാക്കളുടെ സാക്ഷ്യപത്രം കൊണ്ടുവരാൻ ആവശ്യപ്പെടുക. ക്ലാസ്സ് റൂമിൽ വച്ച് ചുമതലയുള്ള അധ്യാപകരുമായി ചേർന്ന് സെൽഫി എടുക്കുക.
- സ്കൂളിലെ എല്ലാ കുട്ടികളുടേയും അധ്യാപകരുടേയും വീടുകളിൽ നിന്നും അജൈവ പാഴ് വസ്തുക്കൾ ഹരിതകർമ്മസേനയ്ക്ക് നൽകുന്നതായി ഉറപ്പാക്കുകയും സ്കൂളിൽ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഫലപ്രദമായി പ്രവർത്തിപ്പിച്ചും വിദ്യാഭ്യാസ സ്ഥാപന തലത്തിൽ **"എന്റെ വിദ്യാലയം മാലിന്യ മുക്തം"** പ്രഖ്യാപനം നടത്തുകയും **"എന്റെ വിദ്യാലയം ഹരിത വിദ്യാലയം "** ക്യാമ്പയിന് തുടക്കം കുറിക്കുകയും ചെയ്യുക.

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

സ്വീകർത്താവ്

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ ആർ.ഡി.ഡി മാർക്കും (ഹയർ സെക്കന്ററി)
എല്ലാ എ.ഡി മാർക്കും (വി.എച്ച്.എസ്.ഇ)
എല്ലാ ഡി.ഇ.ഒ/എ.ഇ.ഒ മാർക്കും
എല്ലാ ഡയറ്റ് പ്രിൻസിപ്പൽമാർക്കും
എല്ലാ പ്രഥമാദ്ധ്യാപകർക്കും (ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ മുഖേന)

പകർപ്പ്: കരുതൽ ഫയൽ